ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ (2022-2023) എം.ടെക് അഡ്മിഷൻ പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻറിംഗ് ടെക്നോളജി വിഭാഗം ലക്ചററർക്ക് - പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (സി) വിഭാഗം**

DTETVM/3260/2024-EC2 (EC) 01-09-2024

---

വായന :- 1.03-09-2022 ലെ G.O(Rt) No.1336/2022/H.Edn.
2.06.09.2022 തിയതിയിലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/4006/22/DTE.
3.ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം ഉപരിപഠനം നടത്തുന്ന സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻറിംഗ് ടെക്നോളജി വിഭാഗം ലക്ചററുടെ അപേക്ഷ

**ഉത്തരവ്**

വായന (1),(2), ലെ ഉത്തരവുകൾ പ്രകാരം,സർക്കാർ പോളിടെക്നിക് കോളേജുകളിലെ പ്രിൻറിംഗ് ടെക്നോളജി **വിഭാഗം** ലക്ചറർ തസ്തികയിലെ ജീവനക്കാർക്ക്, ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം കൊൽക്കത്ത,**ജാദവ്പൂർ** യൂണിവേഴ്സിറ്റിയിൽ എം.ടെക് കോഴ്സ് (2022 -2023 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാരി പുനർനിയമനത്തിനായി വായന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിയെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെന്റർ | പുനർ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീമതി.സരിത.പി.സി**<br>**(PEN:789376 )**<br>ലക്ചറർ ഇൻ പ്രിൻറിംഗ് ടെക്നോളജി<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ : പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ<br>**(QIP centre: ജാദവ്പൂർ യൂണിവേഴ്സിറ്റി , കൊൽക്കത്ത )** | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ : പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ<br>(നിലവിലുള്ള ഒഴിവിൽ) |

ക്യൂ.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത രണ്ട്

വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാർജോലിയിൽ പുന:പ്രവേശിക്കേണ്ടതാണ്.

രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ 2 വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥരെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥപനമേധാവികൾ, ബന്ധപ്പെട്ട ജീവനക്കാരുടെ ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് / കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR

Signed by Shalij P R
Date: 01-09-2024 20:16:27

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള ബ്രാഞ്ച്, എസ്. എച്ച് മൌണ്ട്, പി.ഓ, നാഗപടം, കോട്ടയം.
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ.
5. ഓഫീസ് പകർപ്പ്
6. കരുതൽ ഫയൽ.